**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3438** **11-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിലെ ഇരട്ട ആധാര രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിൽ ഒരേ ഭൂമിയിൽ രണ്ടു ആധാരങ്ങൾ രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1614/1967 നമ്പർ ഭാഗപത്രാധാര പ്രകാരം ഭാഗപത്രപട്ടിക 5 -ാം നമ്പറായി ചേർത്ത് ശ്രീ.പൂങ്ങാടൻ അബൂബക്കർ, ശ്രീമതി.പൂങ്ങാടൻ ആയിഷ എന്നിവർക്ക് സിദ്ധിച്ച 22 സെന്റ് വസ്തു തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിലെ 299/1979 നമ്പർ ആധാരപ്രകാരം കൈമാറിയിരിക്കുന്നു. ആയത് തുടർകൈമാറ്റങ്ങൾക്കൊടുവിൽ 540/2008 നമ്പർ ആധാരപ്രകാരം 8.75 സെന്റ് വസ്തു ശ്രീ.പറമ്പിൽ മൊഹിയുദ്ദീൻ എന്നവർക്കും 938/2016നമ്പർ ആധാരപ്രകാരം 12.041 സെന്റ് വസ്തു കൈതകത്ത് ആയിഷ എന്നിവർക്കും സിദ്ധിച്ചിരിക്കുന്നു. ഇതേ 1614/1967 നമ്പർ ഭാഗപത്രാധാരത്തിലെ 5-ാം നമ്പർ പട്ടിക അടിയാധാരമായി പ്രസ്താവിച്ച് കൊണ്ട് പൂങ്ങാടൻ അബൂബക്കർ മകൻ നൌഷാദ് പേരിൽ തിരുരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിൽ 1288/2022, 1294/2022 നമ്പറായി രണ്ട് ആധാരങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നു. |
| (ബി) | ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ശ്രീ.മൊഹിയുദ്ധീൻ എന്നവർ മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ പരാതി സമർപ്പിക്കുകയും DRGMPM/2306/2024/M1 എന്ന ഫയൽ നമ്പറിൽ ആയതിന് മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും 16.12.2024 തീയതിയിൽ മറുപടി നൽകിയിട്ടുള്ളതാണ്. കൂടാതെ ശ്രീമതി.ആയിഷ എന്നവർ മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ച പരാതിയിൽ DRGMPM/2306/2024/M1 എന്ന ഫയൽ നമ്പറിൽ മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും 18.02.2025 തീയതിയിൽ പരാതിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ